## പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1664 18/06/2012 - ൽ മറുപടിക്ക്

### മത്സ്യമേഖലയിലെ പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ലൂഡി ലൂയിസ്:<br>,, കെ. അച്ചുതൻ:<br>,, ഷാഫി പറമ്പിൽ:<br>,, വി.റ്റി. ബൽറാം: | | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ഉയർന്ന മത്സ്യ ഉൽപാദനവും വിപണനവും ലക്ഷ്യമിട്ട് മത്സ്യ മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | മത്സ്യ വിപണനം ലക്ഷ്യമിട്ടുകൊണ്ട് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി 'ഫ്രെഷ് ഫിഷ് ടു ആൾ', 'ആധുനിക മത്സ്യമാർക്കറ്റിന്റെ നിർമ്മാണം' എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതുകൂടാതെ മൂല്യവർധിത മത്സ്യ ഉൽപന്നങ്ങളുടെ വിപണനത്തിനായി സംസ്ഥാനത്തുടനീളം ഫിഷ് ഔട്ട് ലെറ്റ്സ് (ഫിഷ് മെയ്ഡ്) സ്ഥാപിക്കുന്നതിനായി ലക്ഷ്യമിടുന്നു. |
| (ബി) ഈ പദ്ധതികൾ നടപ്പാക്കുന്നതിന് തീരദേശ വികസന കോർപ്പറേഷൻ വഹിക്കുന്ന പങ്ക് വിശദമാക്കുമോ ; | (ബി) | മത്സ്യവിപണനത്തിനുള്ള ആവശ്യകത മനസ്സിലാക്കി ആധുനിക മത്സ്യ മാർക്കറ്റുകളും, ഇൻസുലേറ്റഡ് വാഹനങ്ങളും ലഭ്യമാക്കുന്നതിനുള്ള പദ്ധതി |

റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിൽ നിന്നും ദേശീയ ഫിഷറീസ് ഡവലപ്പ്മെന്റ് ബോർഡിൽ നിന്നും ധന സമാഹരണം നടത്തി മേൽ പദ്ധതികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നേരിട്ട് നിർവ്വഹിക്കുന്നു.

(സി) ഇതിനായി ആധുനിക മത്സ്യ മാർക്കറ്റുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

(സി) മത്സ്യവിപണനത്തിനായി ആലുവ, നോർത്ത് പരവൂർ, തേവര, മൂവാറ്റുപുഴ, പത്തനംതിട്ട, പാങ്ങോട്, കാസർഗോഡ്, കണ്ണൂർ, നിലമ്പൂർ, ഇരിങ്ങാലക്കുട, സുൽത്താൻ ബത്തേരി, കല്പറ്റ, പള്ളുരുത്തി, മാള, തൊടുപുഴ, വൈക്കം, ഏറ്റുമാനൂർ, ചങ്ങനാശ്ശേരി എന്നീ സ്ഥലങ്ങളിൽ ദേശീയ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിന്റെ സഹായത്തോടെ ആധുനിക മത്സ്യമാർക്കറ്റുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ